**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **01-09-2022 - ൽ മറുപടിയ്ക്ക്**

**കരാർ ജീവനക്കാരുടെ വേതനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരള സർക്കാരിന്റെ കീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിരിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കരാർ / ദിവസ വേതന ജീവനക്കാർക്ക് വേതനം നിശ്ചയിച്ച് കൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ച് വിവിധ തസ്തികകളെ വ്യത്യസ്തമായ കാറ്റഗറികളിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ തസ്തികയ്ക്കും പ്രതിമാസം നല്കാവുന്ന പരമാവധി കരാർ വേതനമാണ് നിശ്ചയിച്ചിരിക്കുന്നത്. കരാർ ജീവനക്കാർക്ക് നല്കാവുന്ന മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. |
| (ബി) | കരാർ ജീവനക്കാർക്ക് നിലവിൽ വാർഷിക ഇൻക്രിമെന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകുന്നില്ല . |
| (സി) | വാർഷിക ഇൻക്രിമെന്റ് മുൻകാലങ്ങളിൽ നൽകിയിട്ടുണ്ടെങ്കിൽ ഏത് വർഷം വരെ ഇൻക്രിമെന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കരാർ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് നൽകാറില്ല.പകരം കാലാകാലങ്ങളിലായി സർക്കാരിന് അനിവാര്യം എന്ന് തോന്നുന്നപക്ഷം മാറുന്ന വിലസൂചികയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത ശതമാനം വേതനവർധനവാണ് നല്കിപ്പോരുന്നത്. അപ്രകാരം 11 /02 /2021 തീയതിലെ ജി ഒ (പി )നം .29/2021/ധന ഉത്തരവ് അനുസരിച്ച് 2021-ൽ വേതന വർദ്ധനവ് അനുവദിച്ചിരുന്നു . |
| (ഡി) | ജി.ഒ.(പി) നം. 27/2021/ഫിൻ തീയതി 10.02.2021 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചതിനോടൊപ്പം കരാർ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ നിരക്ക് എത്രയെന്ന് വിശദമാക്കുമോ; | (ഡി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല |
| (ഇ) | സർക്കാർ ഓഫീസിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (ഇ) | സർക്കാർ ഓഫീസിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ഉത്തരവ് ഒന്നും തന്നെ ധനവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ